1. മുഖ്യമന്ത്രി
2. ഭക്ഷ്യ വകുപ്പുമന്ത്രി
3. ജലസേചന വകുപ്പുമന്ത്രി
4. ജലസേചന വകുപ്പു സെക്രട്ടറി
5. ചീഫ് എൻജിനീയർ, അന്തർ സംസ്ഥാന നദീജലം
6. ശ്രീ. എം. കെ. പരമേശ്വരൻ നായർ, മുൻ ടെക്നിക്കൽ മെമ്പർ, കെ.എസ്.ഇ.ബി
7. ശ്രീ. പി. കൃഷ്ണൻ, ന്യൂ ഡൽഹി കാവേരി സെൽ സൂപ്രണ്ടിംഗ് എൻജിനീയർ

(ജി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ വിലയിരുത്തുന്നതിന് ഒരു സാങ്കേതിക സമിതിയെ നിയോഗിക്കാൻ 19-5-2000-ൽ ഡൽഹിയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. സമിതിയുടെ അംഗങ്ങളേയോ പരിശോധന വിഷയമോ തീരുമാനിച്ചിട്ടില്ല.

(എച്ച്) ഇല്ല. കേരളത്തിലെയും തമിഴ്നാട്ടിലെയും വിദഗ്ദ്ധരടങ്ങുന്ന ഒരു ജോയിന്റ് കമ്മിറ്റി വേണമെന്ന് കേരളത്തിന്റെ നിർദ്ദേശമായിരുന്നു. അന്തിമ നിർദ്ദേശവും ഏകദേശം ഇതിനനുസൃതമായിരുന്നു.

(ഐ) മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം ഇപ്പോഴത്തെ 136 അടിയിൽ നിന്നും ഘട്ടംഘട്ടമായി 152 അടിയിലേയ്ക്ക് ഉയർത്താൻ അനുവദിക്കണം എന്നതായിരുന്നു ഈ രണ്ട് ചർച്ചകളിലും തമിഴ്നാടിന്റെ ആവശ്യം.

(ജെ) യാതൊരു കാരണവശാലും ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കില്ല എന്നതായിരുന്നു കേരളത്തിന്റെ നിലപാട്.

(കെ) ഇല്ല.

(എൽ) ഉദിക്കുന്നില്ല.

(എം) 19-5-2000-ൽ ഡൽഹിയിൽ വച്ചു നടന്ന ചർച്ചയിൽ നിർദ്ദേക്കശിക്കപ്പെട്ട വിദഗ്ധസമിതിയുടെ രൂപീകരണം പരിഗണിച്ചു വരുന്നതേയുള്ളൂ.

(എൻ) അന്തർസംസ്ഥാന നദീജലകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം ഈയിടെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ പരിഷ്കാര സമിതിയുടെ നടപ്പിലാക്കിയ ശുപാർശകൾ

1 (1) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭരണ പരിഷ്കാര സമിതിയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കമ്മിറ്റി നല്കിയ എന്തെല്ലാം ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) കമ്മിറ്റി അംഗങ്ങൾക്ക് ഇതുവരെ നൽകിയിട്ടുള്ള യാത്രാദിനബത്ത, ശമ്പളം എന്നിവ എത്ര രൂപ വീതമാണെന്ന് അറിയിക്കുമോ;

(ഡി) സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഈ സമിതി എന്തെല്ലാം ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണ പരിഷ്കാര സമിതിയുടെ പ്രവർത്തനങ്ങൾക്കായി 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 1,51,74,557 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഭരണ പരിഷ്കാര കമ്മിറ്റിയുടെ നാല് റിപ്പോർട്ടുകൾ സർക്കാർ ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളിലെ താഴെ കൊടുത്തിട്ടുള്ള വിഷയങ്ങളിൽ നല്കിയ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(1) ഒന്നാമത് റിപ്പോർട്ട്

(i) പൗരാവകാശ പത്രിക പ്രസിദ്ധീകരണം

(ii) സുതാര്യതയും അറിയുവാനുള്ള അവകാശവും

(iii) പൊതുജന പരാതി പരിഹാരം

(iv) അധികാര വികേന്ദ്രീകരണവും ഭരണപരിഷ്കാരവും

(v) മോണിറ്ററിംഗ്

(2) രണ്ടാമത് റിപ്പോർട്ട്:

ഹാജർ നിരീക്ഷണം

(3) മൂന്നാമതു റിപ്പോർട്ട് :

(i) ധനപരമായ പരിഷ്കാരങ്ങളും ഭരണ വകുപ്പിനും വകുപ്പുതലവന്മാർക്കും അധികാരം വർദ്ധിപ്പിക്കലും

(4) നാലാമതു റിപ്പോർട്ട് :

(i) ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കൽ

(ii) കഴിവ് മെച്ചപ്പെടുത്തൽ

(iii) നിയമനസ്ഥാന നിർണ്ണയം

(iv) അച്ചടക്കം

LIBRARY ARCHIVES Kerala Legislative Assembly

(സി) യാത്രാബത്തയായി ആകെ 74,803 രൂപയും ഓണറേറിയമായി ആകെ 15,05,869 രൂപയും നൽകിയിട്ടുണ്ട്.

(ഡി) സെക്രട്ടേറിയറ്റിലെ ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി മാത്രമായി സമിതി ഇതുവരെ റിപ്പോർട്ട്/ശുപാർശകൾ സമർപ്പിച്ചിട്ടില്ല.

തീർപ്പാക്കാനുള്ള ഫയലുകൾ

2 (2) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ഇപ്പോൾ എത്ര വകുപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തു ഓരോ വകുപ്പിന്റെയും ഡയറക്ടറേറ്റിലും സെക്രട്ടേറിയറ്റിലും എത്ര ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫയലുകളുടെ കാലപ്പഴക്കം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫയലുകൾ തീർപ്പാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ഫയലുകൾ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് വകുപ്പുകൾ 34

സെക്രട്ടേറിയറ്റിതര വകുപ്പുകൾ 97

(ബി) 30-4-2000 വരെ ഡയറക്ടറേറ്റുകളിൽ 1,35,359 ഫയലുകളും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ 72726 ഫയലുകളും തീർപ്പാക്കാനുണ്ട്.

(സി) ഡയറക്ടറേറ്റുകളിൽ 1 വർഷത്തിനും 2 വർഷത്തിനും ഇടയ്ക്കുള്ള 20609 ഫയലുകളും 2 വർഷത്തിനു മുകളിൽ പഴക്കമുള്ള 19143 ഫയലുകളുമുണ്ട്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി ഒരു വർഷത്തിനും 2 വർഷത്തിനും ഇടയ്ക്ക് പഴക്കമുള്ള 13,272 ഫയലുകളും 2 വർഷത്തിനുമേൽ പഴക്കമുള്ള 9723 ഫയലുകളുമുണ്ട്.

(ഡി&ഇ) തീർപ്പാക്കാനുള്ള ഫയലുകൾ കഴിയുന്നത്ര വേഗം തീർപ്പാക്കാൻ ഊർജിത ഫയൽ തീർപ്പു വാരം എല്ലാ വർഷവും ആചരിച്ചു വരുന്നുണ്ട്. കൂടാതെ ഓരോ മാസവും തീർപ്പാക്കിയ ഫയലുകളുടെ എണ്ണത്തിൽ ഉണ്ടായ പുരോഗതി സർക്കാർ തലത്തിൽ അവലോകനവും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly